എൻ.എം.ബി (2)/41503/17/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 22-11-2017

വിഷയം :- ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നിന്നുള്ള ഭക്ഷണ/കുടിവെള്ള സാമ്പിളുകളുടെ പരിശോധന നടത്തുന്നത് - സംബന്ധിച്ച്.

സൂചന :-

ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നിന്നുള്ള ഭക്ഷണ/കുടിവെള്ള സാമ്പിളുകളുടെ പരിശോധന നടത്തുന്നതിന് NABL അക്രഡിറ്റേഷൻ ഉള്ള കേരളത്തിലെ ലാബുകളിൽ നിന്നും ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി താത്പര്യപത്രം ക്ഷണിയ്ക്കുന്നു.

## വ്യവസ്ഥകൾ

1. താത്പര്യപത്രം സമർപ്പിയ്ക്കുന്ന ലാബുകൾ NABL അക്രഡിറ്റേഷൻ ഉള്ളവയായിരിയ്ക്കണം.
2. പരിശോധനയ്ക്കാവശ്യമായ സാമ്പിളുകൾ സ്കൂളുകളിൽ നിന്നും നേരിട്ട് ശേഖരിയ്ക്കണം. യാതൊരു കാരണവശാലും സ്കൂൾ അധികൃതരോട് ഭക്ഷണ സാമ്പിൾ ശേഖരിച്ച് ലാബിലെത്തിയ്ക്കുവാൻ ആവശ്യപ്പെടാൻ പാടില്ല. സ്കൂൾ പ്രവർത്തി ദിനങ്ങളിൽ ഉച്ചയ്ക്ക് 12.00 മണിമുതൽ 1.00 മണിവരെയാണ് കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നത്.
3. കേരളത്തിൽ ആകെ 12,327 സ്കൂളുകളാണ് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. അദ്ധ്യയന വർഷം ആരംഭിക്കുന്നത് കലണ്ടർ വർഷം ജൂൺമാസം ആദ്യ പ്രവർത്തി ദിനത്തിലും അവസാനിക്കുന്നത് തൊട്ടടുത്ത കലണ്ടർ വർഷം മാർച്ച് മാസത്തിലുമാണ്. ഒരു സ്കൂളിൽ നിന്നും ഭക്ഷണത്തിന്റേയും (ചോറ് ഒഴികെ), വെള്ളത്തിന്റേയും ഓരോ സാമ്പിളുകൾ വീതമാണ് പരിശോധിക്കേണ്ടത്. താത്പര്യപത്രം സമർപ്പിയ്ക്കുന്ന ലാബുകൾ ഒരു ദിവസം/ ഒരു മാസം / ഒരു അദ്ധ്യയനവർഷം - എന്നീ വിധത്തിൽ പരമാവധി എത്ര സ്കൂളുകളിൽ നിന്ന് ഉച്ചഭക്ഷണ, കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുവാൻ കഴിയുമെന്ന് ലാബിന്റെ നിലവിലെ അടിസ്ഥാന സൗകര്യം, പ്രവർത്തന ക്ഷമത, യോഗ്യരായ പരിശോധകരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമാക്കേണ്ടതാണ്.

4. ഭക്ഷണ/ വെള്ളത്തിന്റെ സാമ്പിളുകളുടെ മൈക്രോബയോളജിക്കൽ പരിശോധനയാണ് മുഖ്യമായും നടത്തേണ്ടത്.

5. ഉച്ചഭക്ഷണപദ്ധതിയുടെ കീഴിൽ വരുന്ന സ്കൂളുകൾ 14 ജില്ലകളിലായി 163 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പരിധിയിലായാണ് വിന്യസിക്കപ്പെട്ടിരിയ്ക്കുന്നത്. സാമ്പിളുകൾ ശേഖരിയ്ക്കുന്നതിനായി സ്കൂളുകൾ തെരഞ്ഞെടുക്കുമ്പോൾ എല്ലാ ജില്ലകളിൽ നിന്നും ഒരേ അനുപാതത്തിലായിരിയ്ക്കണം തെരഞ്ഞെടുക്കേണ്ടത്.

6. ഓരോ ആഴ്ചയിലേയും സാമ്പിൾ പരിശോധനാ റിപ്പോർട്ട് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നൂൺമീൽ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർക്ക് സമർപ്പിയ്ക്കേണ്ടതാണ്. (Soft copy & Hard copy).

7. ഓരോ മാസവും നടത്തിയ പരിശോധനകളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ടും (കണ്ടെത്തലുകളടക്കം) സ്റ്റേറ്റുമെന്റും ബില്ലുകൾ സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) ന് തൊട്ടടുത്തമാസം 5-ാം തീയതിക്ക് മുൻപായി സമർപ്പിയ്ക്കേണ്ടതാണ്. (Soft copy & Hard copy).

ചുവടെ സൂചിപ്പിയ്ക്കുന്ന മാതൃകയിൽ ആയിരിക്കണം തുക ക്വാട്ട് ചെയ്യേണ്ടത്.

| ക്രമ നം. | ഒരു ഭക്ഷണ സാമ്പിളിന്റെ മൈക്രോബയോളജിക്കൽ പരിശോധനയ്ക്കുള്ള ചെലവ് | കുടിവെള്ളത്തിന്റെ ഒരു സാമ്പിൾ പരിശോധിയ്ക്കുന്നതിനുള്ള ചെലവ് | ഒരു മാസം ശേഖരിയ്ക്കാൻ കഴിയുന്ന ഭക്ഷണ സാമ്പിളുകളുടെ എണ്ണം | ഒരു മാസം പരിശോധിയ്ക്കാൻ കഴിയുന്ന ഭക്ഷണ സാമ്പിളുകളുടെ എണ്ണം | ഒരു മാസം ശേഖരിയ്ക്കാൻ കഴിയുന്ന വെള്ളത്തിന്റെ സാമ്പിളുകളുടെ എണ്ണം | ഒരു മാസം പരിശോധിയ്ക്കാൻ കഴിയുന്ന വെള്ളത്തിന്റെ സാമ്പിളുകളുടെ എണ്ണം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |

മേൽ ക്വാട്ട് ചെയ്ത തുക, Tax , യാത്രാ ചെലവ്, മറ്റ് ചെലവുകൾ ഉൾപ്പെടെയുള്ള തുക ആയിരിയ്ക്കണം.

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)